മനോരമ

# റമസാൻ കിറ്റുകൾ നൽകി 'വിശ്വാസ്'

പാലക്കാട് • പറക്കുന്നം നരികുത്തി പ്രദേശത്തെ കുടുംബങ്ങൾക്ക് കലക്ടർ അധ്യക്ഷനായി പ്രവർത്തിക്കുന്ന 'വിശ്വാസ്' റിലീഫ് കിറ്റുകൾ വിതരണം ചെയ്തു.ലോക്ഡൗണിനെ തുടർന്നു തൊഴിൽ നഷ്ടപ്പെട്ടു ദുരിതം അനുഭവിക്കുന്ന കുടുംബങ്ങൾക്കു ജാക്കാർത്തയിലെ പ്രവാസി മലയാളി ഷാഹുൽ ഹമീദിന്റെ സഹായത്തോടെയാണു കിറ്റുകൾ നൽകിയത്.വിശ്വാസ് സെക്രട്ടറി പി. പ്രേംനാഥിന്റെ അധ്യക്ഷതയിൽ കോവിഡ് പ്രതിരോധ ചട്ടം പാലിച്ചു നടന്ന യോഗത്തിൽ വിശ്വാസ് ഖജാൻജി ബി. ജയരാജൻ റിലീഫ് കിറ്റുകൾ വിതരണം ചെയ്തു. ആർ. ദേവികൃപ, പി. സോംനാഥ്, കേരള മുസ്‌ലിം കോൺഫറൻസ് ജനറൽ കൺവീനർ എ. കെ. സുൽത്താൻ, പി. കെ. ഹംസ, മുഹമ്മദ് ഹനീഫ എന്നിവർ പ്രസംഗിച്ചു.